71 (389) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(ബി) പുതിയ എത്ര ബസുകൾ വാങ്ങിയിട്ടുണ്ട്;

(സി) ബസ് സ്റ്റേഷനുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും അനധികൃത വ്യാപാരങ്ങൾ നിർത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കുമോ;

(ഡി) ബസ് സ്റ്റേഷനോടനുബന്ധിച്ചുള്ള സ്ത്രീകളുടെ വിശ്രമ സ്ഥലത്തിന് പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി നഷ്ടത്തിലോടുന്ന സർവ്വീസുകളുടെയും നിശ്ചിത വരുമാനം ലഭിക്കാത്ത സർവ്വീസുകളുടെയും സമയക്രമവും റൂട്ടും കൂടുതൽ വരുമാനം ലഭിക്കുന്ന തരത്തിൽ പുനഃക്രമീകരണം നടത്തി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകളെ എ,ബി,സി,ഡി എന്നീ വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. വരുമാനം കൂടുതൽ ലഭിക്കുന്ന എ,ബി വിഭാഗത്തിൽപ്പെടുന്ന സർവ്വീസുകൾ നിത്യവും കൃത്യമായി ഓപ്പറേറ്റ് ചെയ്യാൻ നടപടികളെടുത്തു വരുന്നു. ടിക്കറ്റില്ലാതെയുള്ള യാത്രയും മറ്റുതരത്തിലുള്ള വരുമാനചോർച്ചയും ഒഴിവാക്കുന്നതിനായി ടിക്കറ്റ് പരിശോധനാ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ, വർക്കുഷോപ്പ് കാര്യങ്ങൾ തുടങ്ങിയ എല്ലാ തലങ്ങളിലും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടത് ആവശ്യമായതിനാൽ റവന്യൂ ജില്ലാടിസ്ഥാനത്തിൽ സീനിയർ ഉദ്യോഗസ്ഥന്മാരെ അധിക ചുമതല നൽകി ഡിസ്ട്രിക്ട് മാനേജർമാരായി നിയമിച്ചിട്ടുണ്ട്. ഭരണകാര്യങ്ങളിൽ എക്സിക്യൂട്ടീവ് ഡയറക്ടർമാരെ ഇവർ സഹായിക്കും.

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ 212 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(സി) ബസ് സ്റ്റേഷനുകളുടെ അറ്റകുറ്റപണികൾ സാമ്പത്തിക ലഭ്യതക്കനുസൃതമായി ചെയ്തു തീർക്കുവാൻ നടപടി എടുത്തിട്ടുണ്ട്. സ്റ്റേഷനും പരിസരവും വൃത്തിയായി സൂക്ഷിക്കണമെന്നു യൂണിറ്റാഫീസർമാർക്ക് കർശന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. അനധികൃത വ്യാപാരം നിയന്ത്രിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സ്ത്രീ യാത്രക്കാരുടെ സുരക്ഷ കണക്കിലെടുത്ത് കെ.എസ്. ആർ.ടി.സി. യുടെ പ്രധാനപ്പെട്ട എല്ലാ ബസ് സ്റ്റേഷനുകളിലും സ്ത്രീകൾക്കു പ്രത്യേക വിശ്രമ സൗകര്യം ഒരുക്കിയിട്ടുണ്ട്. കോർപ്പറേഷന്റെ സെക്യൂരിറ്റി വിഭാഗം സ്ത്രീയാത്രക്കാരുടെ സുരക്ഷയെ ലക്ഷ്യമാക്കി പ്രവർത്തിച്ചു വരുന്നു.

72 (390) ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഡി.റ്റി.ഒ. ആഫീസായിരുന്ന ചെങ്ങന്നൂർ ഡിപ്പോ എ.റ്റി.ഒ. ആഫീസാക്കി തരം താഴ്ത്തി സർവ്വീസുകൾ കുറച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമല സീസണിൽ ഏറ്റവും കൂടുതൽ കളക്ഷൻ ഉണ്ടായിരുന്ന ഡിപ്പോ ചെങ്ങന്നൂർ ആയിരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തീർത്ഥാടകർ ഇത്രയും എത്തുന്ന ചെങ്ങന്നൂരിൽ നിന്ന് പളനി, മധുര എന്നീ തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്ക് പുതിയ ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) തീർത്ഥാടകർക്കായി ബസ് സ്റ്റേഷനിൽ ഇൻഫർമേഷൻ സെന്റർ തുറക്കുന്നതിനോ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോ സർക്കാരിന് പരിപാടികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ ഡിപ്പോ എ.റ്റി.ഒ. ഓഫീസായി തരം താഴ്ത്തിയിട്ടില്ല. മാത്രമല്ല സർവ്വീസുകൾ കുറച്ചിട്ടുമില്ല.

(ബി) ശബരിമല സീസണിലെ ആകെ വരുമാനത്തിന്റെ കാര്യത്തിൽ ചെങ്ങന്നൂർ ഡിപ്പോ 1999 ഡിസംബറിൽ 17-ാം സ്ഥാനത്തും 2000 ജനുവരിയിൽ 20-ാം സ്ഥാനത്തുമായിരുന്നു.

(സി) നിലവിലുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം ചെങ്ങന്നൂരിൽനിന്ന് പളനി, മധുര എന്നിവിടങ്ങളിലേയ്ക്ക് പുതിയ ബസ് സർവ്വീസ് ആരംഭിക്കാൻ നിർവ്വാഹമില്ല.

(ഡി) നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ ഒരു എൻക്വയറി കൗണ്ടർ അവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. യാത്രക്കാർക്ക് ആവശ്യമായ വിവരങ്ങൾ ആ കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്.

73 (391) കാസർഗോഡ് ഡിപ്പോയിൽ നിന്നുള്ള ബസ് സർവ്വീസുകൾ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബസ് ഡിപ്പോയിൽ നിന്ന് എത്ര സർവ്വീസുകൾ ഇക്കൊല്ലം റദ്ദുചെയ്തു;

(ബി) ഏതൊക്കെ റൂട്ടുകൾ എന്നറിയിക്കുമോ;

(സി) റദ്ദു ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) റദ്ദു ചെയ്ത സർവ്വീസുകൾ പുനഃരാരംഭിക്കുമോ?

ഉത്തരം

(എ) ഒന്നും തന്നെ റദ്ദു ചെയ്തിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഒന്നും തന്നെ റദ്ദു ചെയ്തിട്ടില്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

1121/2010.

LIBRARY ARCHIVES Kerala Legislative Assembly